൨൨൯൮൦
30/10/17

**കേരള സർക്കാർ**

സംഗ്രഹം

വനം വന്യജീവി വകുപ്പ് - പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യമേഖലാ / വ്യക്തികൾക്കും പാട്ടത്തിനു നൽകിയിരിക്കുന്ന വനഭൂമിയുടെ പാട്ടവാടക വർദ്ധിപ്പിക്കൽ - ജില്ലാ കളക്ടർമാർക്കും വനം വന്യജീവി വകുപ്പ് തലവനും നിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

**വനം വന്യജീവി (സി) വകുപ്പ്**

സ.ഉ (എം.എസ്). നം.49/2017/വനം തിരുവനന്തപുരം, തീയതി. 28.10.201...

പരാമർശം : 1. 20.01.1989 ലെ സ.ഉ(എം.എസ്) 11/89/വനം നമ്പർ സർക്കാർ ഉത്തരവ്
2. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2014-2016) 93-ാം മത് റിപ്പോർട്ടിലെ ശുപാർശ
3. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ്) 13.12.2016 ലെ പ്രൊ(7)-61928/94 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം 1 പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യമേഖലാ / വ്യക്തികൾക്കും പാട്ടത്തിനു നൽകിയിരിക്കുന്ന വനഭൂമിയുടെ പാട്ടവാടക നിലവിലുള്ള വാർഷിക നിരക്കായ ഹെക്ടറിന് 1300/- രൂപയിൽ നിന്നും 10,000/- രൂപ ആക്കി ഉയർത്തണമെന്ന് പരാമർശം 2 പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യമേഖലാ / വ്യക്തികൾക്കും പാട്ടത്തിനു നൽകിയിരിക്കുന്ന വനഭൂമിയുടെ പാട്ട വാടക നിരക്ക് വർദ്ധിപ്പിപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം 3 പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് ലാന്റ് & റിസോഴ്സസ്) സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച ശേഷം ചുവടെ പറയുന്ന കാര്യങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു.

(i) കേരളാ ഗ്രാൻറ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ചട്ടം 20... സെക്ഷൻ 3 (2)(a) പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖലാ / സ്വകാര്യ വ്യക്തികൾക്കും പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിയുടെ പാട്ടവാടക പുതുക്കി നിശ്ചയിച്ച് ഒരു മാസത്തിനകം സർക്കാരിലേയ്ക്ക് ശുപാർശ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുന്നു.

(ii) സ്വകാര്യ മേഖലാ / വ്യക്തികൾക്ക് പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിക്ക് പൊതുമേഖലക്ക് പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിയെക്കാൾ ഉയർന്ന പാട്ടവാടക നിശ്ചയിക്കുന്നതിനുതകും വിധം 2009-ലെ കേരളാ ഗ്രാൻറ്സ് & ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി റൂൾസിൽ, ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശ സമർപ്പിക്കുന്നതിന് വനം വകുപ്പ് തലവന് നിർദ്ദേശം നൽകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**ജെയിംസ് വർഗ്ഗീസ്**
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ആന്റ് എ ആന്റ് ഇ), കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (25.10.2017 ഇനം നം. 1566 പ്രകാരം)
ധനകാര്യ വകുപ്പ് (04.07.17 ലെ 470120/ആർ.എം.സി2/17/ധന പ്രകാരം)
നിയമ വകുപ്പ് (22.08.2017 ലെ 18145/ഉപദേശം ഡി2/2017/നിയമം പ്രകാരം)
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ